‘ഭരണഭാഷ – മാതൃഭാഷ’

ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രി
കൊരട്ടി,
ഫോൺ - 0480 2732035
gghdkty1955@gmail.com

നമ്പർ - ബി- 842/2021 തിയ്യതി 06.05.2022

## ദർഘാസ് പരസ്യം

ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രി കൊരട്ടിയിലെ പുതിയ കെട്ടിടം Mens Block) നിർമിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പ്ലാവ് പരസ്യലേലം/ടെൻഡർ മുഖാന്തിരം വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ഫോറത്തിന്റെ വില - 300 +18 % ജി.എസ്.റ്റി.

- ഡ്യൂപ്ലിക്കേറ്റ് കോപ്പിയുടെ വില - 200 +18 % ജി.എസ്.റ്റി.
- നിരത ദ്രവ്യം -1200 രൂപ (ഗാന്ധിഗ്രാം ആശുപത്രി സൂപ്രണ്ട്, കൊരട്ടിയുടെ പേരിൽ മാറാവുന്ന ഡി.ഡി മുഖാന്തിരം മാത്രം സ്വീകരിക്കുന്നു.)
- രേഖപ്പെടുത്തേണ്ട കുറഞ്ഞ തുക - 101480/-(വനം വകുപ്പ് കണക്കാക്കിയത്)
- ടെൻഡർ ഫോം വിൽപന അവസാനിക്കുന്ന തിയ്യതി - 20.05.2022 , 12 പി.എം
- 

20/05/2022 ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് മുൻപായി പൂരിപ്പിച്ച ടെൻഡറുകൾ ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം 3.30 മണിക്ക് പരസ്യലേലവും നടത്തുന്നതാണ്. **ജി. എസ്.ടി രജിസ്ട്രേഷൻ ടെൻഡർ/ലേലത്തിൽ പങ്കെടുക്കുന്നവർക്ക് നിർബന്ധമായും ഉണ്ടായിരിക്കണം.**പരസ്യലേലത്തെത്തുടർന്ന് ഹാജറുള്ള ടെൻഡറർമാരുടെ സാന്നിദ്ധ്യത്തിൽ ടെൻഡറുകൾ തുറക്കുന്നതാണ്. ടെൻഡറുകൾ പരിശോധിച്ച് ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ളതും അനുയോജ്യവുമായ ടെൻഡർ/ലേലം താത്കാലികമായി ഉറപ്പിക്കുന്നതാണ്. 18% അഥവാ സർക്കാർ നിരക്കിൽ ജി.എസ്.ടി, 5% തുക എഫ്.റ്റി.ഡി എന്നിവ കരാറുകാരൻ ഒടുക്കേണ്ടാണ്. ലേലം മുഖാന്തിരമാണ് വിൽപന ഉറപ്പിക്കുന്നത് എങ്കിൽ കരാർ തുകയുടെ 25 ശതമാനം ഉടനെ തന്നെ ആഫീസിൽ കെട്ടിവെക്കേണ്ടതും തൊട്ടടുത്ത ദിവസം ബാലൻസ് തുക ഒടുക്കേണ്ടതുമാണ്. ടെൻഡർ മുഖാന്തിരമാണ് വിൽപന നടത്തുന്നത് എങ്കിൽ ടെൻഡർ അംഗീകരിച്ചതായി അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് കരാറുകാർ മുഴുവൻ തുകയും ആഫീസിൽ അടക്കേണ്ടതാണ്. ടെൻഡർ/ലേലം അംഗീകരിച്ച് അറിയിപ്പ് കിട്ടുന്ന വ്യക്തി സ്വന്തം ചിലവിൽ ഈ സ്ഥാപന മേധാവിയുമായി (200 രൂപയുടെ മുദ്ര പേപ്പറിൽ) കരാറിൽ ഏർപ്പെടേണ്ടതാണ്. കരാർ ഉറപ്പിച്ച് 5 ദിവസത്തിനകം കരാറുകാരൻ മരങ്ങൾ വെട്ടിമാറ്റി പരിസരം വൃത്തിയാക്കേണ്ടതാണ്. കേരള സർക്കാരിന്റെ നിലവിലെ നിയമങ്ങൾ ടെൻഡർ നടപടികൾക്ക് ബാധകമാണ്.

ടെൻഡർ നടപടികൾ മാറ്റിവയ്ക്കുന്നതിനോ റദ്ദു ചെയ്യുന്നതിനോ ഈ സ്ഥാപന മേധാവിക്ക് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഉള്ളിൽ ഓഫീസിൽനിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട് 6/5/22

SUPERINTENDENT
GANDHIGRAM GOVT. HOSPITAL OF DERMATOLOGY
KORATTY.

GANDHIGRAM GOVERNMENT HOSPITAL OF DERMATOLOGY
KORATTY-680 308

Scanned with CamScanner